പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.688

09.02.2016 ൽ
മറുപടിയ്ക്ക്

## യുവജനകമ്മീഷൻ.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീമതി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് യുവജന കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. 20.07.2013 ലെ സ.ഉ(സാ) നം.134/13/കാ.യു.വ ഉത്തരവ് പ്രകാരം കമ്മീഷൻ ചെയർപേഴ്സനേയും 20/01/2014 ലെ സ.ഉ.(അ)നം. 6/2014/കാ.യു.വ ഉത്തരവ് പ്രകാരം മറ്റ് അംഗങ്ങളേയും നിയമിച്ചുകൊണ്ട് കേരള സംസ്ഥാന യുവജന കമ്മീഷൻ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കമ്മീഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും യുവാക്കളുടെ അവകാശങ്ങളുടെ സംരക്ഷകരായി വർത്തിക്കുകയും ചെയ്യുക എന്നതാണ് കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളായി നിശ്ചയിച്ചിട്ടുള്ളത്. മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും, തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക, യുവാക്കളുടെ കഴിവ് വികസിപ്പിക്കുക , യുവാക്കൾക്ക് തൊഴിലവസരങ്ങൾ നേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ നിർദ്ദേശിക്കുക, പ്രത്യേകിച്ച് ദുർബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലുമുള്ള യുവാക്കളുടെ സാമൂഹിക- സാമ്പത്തിക വികസനത്തിന്റെ |

ആസൂത്രണത്തിൽ സർക്കാരിനെ ഉപദേശിക്കുക, അസംഘടിത മേഖലയിൽ യുവാക്കൾ നേരിടുന്ന തൊഴിൽപരമായ ദുരിതങ്ങൾ ശ്രദ്ധിച്ച് റിപ്പോർട്ട് ചെയ്യുക,യുവാക്കളുടെ അവകാശ നിഷേധം സംബന്ധിച്ച പരാതികളിൻമേലും പ്രഥമദൃഷ്ട്യാ ബോധ്യമാകുന്ന ഇത്തരം പ്രശ്നങ്ങളിലും അന്വേഷണം നടത്തുകയും ബന്ധപ്പെട്ട അധികാരികളുടെ പരിഗണനയിൽ കൊണ്ടുവരികയും ചെയ്യുക, പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യ ബോധം, സാമൂഹിക ബോധം തുടങ്ങിയവ വളർത്തിയെടുക്കുന്നതിന് ആവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നിവയും കമ്മീഷന്റെ ചുമതലകളിൽപെടുന്നതാണ്.

സി) യുവജന നയം നടപ്പാക്കാൻ ഭരണതലത്തിൽ കമ്മീഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്?

സി) യുവജന നയത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രകാരം മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരേയും, റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ കമ്മീഷൻ നടത്തിവരുന്നു. മേൽ വിഷയങ്ങൾ കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടേയും മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ പെട്ടവരുടേയും അവകാശങ്ങളെ സംബന്ധിച്ചും മറ്റു പ്രസ്തുത വിഭാഗങ്ങൾക്കിടയിൽ പ്രത്യേകമായും കമ്മീഷൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. യുവാക്കളുടെ അവകാശങ്ങൾ, യുവാക്കളുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ ഉൾപ്പെടുത്തി സെമിനാറുകളും യോഗങ്ങളും നാഷണൽ യൂത്ത് മീറ്റ് ഉൾപ്പെടെയുള്ള കൂട്ടായ്മകളും കമ്മീഷൻ സംഘടിപ്പിക്കുന്നുണ്ട്. സാഹിത്യം, കല, സാമൂഹ്യ സേവനം, കൃഷി, വ്യവസായം, കായികം തുടങ്ങിയ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച യുവാക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനായി യൂത്ത് ഐക്കൺ അവാർഡും കമ്മീഷൻ നടപ്പിലാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**